# ആമുഖം

സെന്റ് ജോസഫ് ദേവാലയത്തിന്റെ പവിത്ര സാന്നിധ്യത്താൽ ധന്യവും പ്രകൃതി ഭംഗിയാൽ അലങ്കരിക്കപ്പെട്ടതുമായ ഈ വിദ്യാലയം 1964 ജൂൺ ഒന്നാം തീയതി സ്ഥാപിതമായി. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും മുൻപന്തിയിൽ നിൽക്കുന്ന കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ വടക്കുമാറി സ്ഥിതിചെയ്യുന്ന ഈ സ്കൂൾ ആരംഭിക്കാനുണ്ടായ പ്രധാന കാരണം ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്.

കരുവാറ്റ വടക്ക് സെന്റ് ജോസഫ്സ് പള്ളി ഇടവകാംഗങ്ങളുടെ പൊതു താൽപര്യ൦ കണക്കിലെടുത്ത് അന്നത്തെ പള്ളി വികാരിയായിരുന്ന റവ. ഫാദർ സഖറിയാസ് പുതുപ്പറമ്പിലിന്റെ ഉത്സാഹത്താലാണ് സ്കൂൾ ആരംഭിച്ചത് . നാല് ക്ലാസുകൾ പ്രവർത്തിക്കാനാവശ്യമായ ഒരു സ്കൂൾ കെട്ടിടം നിർമ്മിച്ചു. ഇതിലേക്ക് ആവശ്യമായ സ്ഥലവും , കളിസ്ഥലവും വിട്ടുതന്നത് ശ്രീ മത്തായി മാത്യു നെടുവേലിത്തയ്യിൽ ശ്രീ. ഔസേപ്പ് തോമസ് നടുവിലേ വീട്ടിൽ തയ്യിൽ എന്നിവർ ആണ് . സ്കൂളിന്റെ സുവർണ്ണ ജൂബിലി വർഷമായ 2014 -15 -മാണ്ടിൽ ജൂബിലി സ്മാരകമായി 5 ക്ലാസ് മുറികളുള്ള ഒരു പുതിയ സ്കൂൾ കെട്ടിടം പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ നിർമ്മിക്കുവാൻ സാധിച്ചു. 2025 - 26 അക്കാദമിക വർഷത്തിൽ 30 കുട്ടികളും 4 അധ്യാപകരു൦ ഉണ്ട് . സ്കൂളിലെ മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം കുട്ടികളും മികച്ച നിലവാരം പുലർത്തുന്നു. കലോത്സവങ്ങളിൽ ഉപജില്ല - തലങ്ങളിൽ

സമ്മാനങ്ങൾ കരസ്ഥമാക്കാൻ സാധിച്ചു എന്നത് അഭിമാനകരമായ വസ്തുതയാണ്. എൽ.എസ്.എസ് മത്സരപരീക്ഷയിൽ എല്ലാവർഷവും കുട്ടികൾ വിജയികളാകുന്നു.

പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്നുണ്ടെങ്കിലും സ്കൂളിൽ ചില മേഖലകളിൽ പ്രതിസന്ധികൾ നേരിടുന്നത് ദുഃഖകരമായ വസ്തുതയാണ്. സ്കൂളിലേക്ക് കുട്ടികൾക്ക് എത്തിച്ചേരാനുള്ള യാത്രാഅസൗകര്യം , സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തെ കുട്ടികളുടെ കുറവ് ,കളിസ്ഥലത്തിന്റെ അഭാവം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള മാതാപിതാക്കളുടെ അമിത താൽപര്യം എന്നിവ ഈ സ്കൂളിനെയും സാരമായി ബാധിക്കുന്നുണ്ട്. വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ മികച്ച ഒരു വിദ്യാലയമാക്കി നമ്മുടെ വിദ്യാലയത്തെ മാറ്റുവാൻ അധ്യാപകരും പി.ടി.എയും അക്ഷീണം പ്രയത്നിക്കുന്നുണ്ടെന്ന് തീർച്ചയായും പ്രതീക്ഷാ നിർഭരമായ ഒന്നാണ്.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം - 8 മേഖലകൾ

## പ്രവർത്തന പട്ടിക

| തീയതി | |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ |
| 05/06/2025 | വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം |
| 09/06/2025 | ആരോഗ്യം വ്യായാമം കായിക ക്ഷമത ആഹാര ശീലം |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം നിയമബോധം കാലാവസ്ഥ മുൻകരുതൽ |
| 12/06/2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13/06/2025 | പൊതു ക്രോഡീകരണം |

# പ്രവർത്തനങ്ങൾ

## 1)ദിനാചരണങ്ങൾ

- വാർഷിക കലണ്ടർ തയ്യാറാക്കൽ
- റാലി സംഘടിപ്പിക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കിറ്റ് ക്വിസ് പോസ്റ്റർ ബോധവൽക്കരണ ക്ലാസുകൾ
- സംഘടിപ
- അമ്മ വായന
-
-

## 2)കലാകായിക വിദ്യാഭ്യാസം

- ഈ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു.
- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയ പരിശീലനം നൽകുന്നു
- കലാപരമായ പ്രവർത്തനങ്ങൾ ബാലസഭയിൽ അവതരിപ്പിക്കുന്നു
- സൂഠ ബാ പരിശീലനം
- വ്യായാമ പരിശീലനം

## 3)സാഹിത്യ സമാജം

- വിദ്യാരംഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- ക്ലാസ് സ്കൂൾതല സാഹിത്യ സമാജങ്ങൾ

- വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കി ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- പതിപ്പ് പ്രസിദ്ധീകരണം
- രചന പരിചയക്കുറിപ്പ് അവതരിപ്പിക്കുന്നു
- സർഗാത്മക പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു
- സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി മത്സരങ്ങൾ സംഘടിപ്പിക്കുന്നു

## 4)ക്ലബ്ബുകൾ

- ക്ലബ്ബുകളുടെ രൂപീകരണം
- ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ ഓരോ ക്ലബിനും എന്ന് നിശ്ചയിക്കുന്നു
- **സയൻസ് ക്ലബ്ബ് :** ജികെ, ലഘുപരീക്ഷണങ്ങൾ, പ്രകൃതി നടത്തം
- **ഗണിത ക്ലബ്ബ്:** ഗണിത ക്വിസ് ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
- **ഹെൽത്ത് ക്ലബ്:**ബോധവൽക്കരണ ക്ലാസ് ശുചീകരണ പ്രവർത്തനങ്ങൾ
- **നേച്ചർ ക്ലബ്ബ് :** പൂന്തോട്ട നിർമ്മാണം പച്ചക്കറി തോട്ട നിർമ്മാണം.
- **ഇംഗ്ലീഷ് ക്ലബ്ബ് :** റോൾപ്ലേ സ്കിറ്റ് ഇംഗ്ലീഷ് അസംബ്ലി ഡയറി റൈറ്റിംഗ്
- **സാമൂഹ്യശാസ്ത്ര ക്ലബ്:** ക്വിസ് ദൃശ്യാവിഷ്കാരം നേതാക്കളെ പരിചയപ്പെടുത്തൽ
- സ്കൂൾ അസംബ്ലി

- ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം
- കടങ്കഥ അവതരണം
- ഡയറി വായന
- ക്വിസ്

## 5) സ്കൂൾ അസംബ്ലി

- ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം
- ഡയറി വായന
- കടങ്കഥ അവതരണം
- രചന പരിചയക്കുറപ്പ് അവതരണം
- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെട്ടുത്തിക്കൊണ്ട് അസംബ്ലി സമ്പുഷ്ടമാക്കാം
- ക്ലാസ് തല അസംബ്ലി
- ചിന്താവിഷയം അവതരണം
- പത്ര വായന
- പുസ്തകപരിചയം
- മാസ്ഡ്രിൽ
- ലഘു പരിപാടികൾ
- ഉൽപ്പന്നങ്ങളുടെ പ്രകാശനം
- ആഴ്ചയിൽ രണ്ടുദിവസം സൂംബ
-

## 6 ) പഠനയാത്ര, ഫീൽഡ് ട്രിപ്പ്

- പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- കൃഷിസ്ഥലം
- കടലോര കാഴ്ചകൾ
- കുളം ,തോട്, പുഴ
- ചരിത്ര സ്മാരകങ്ങൾ

## 7) വായന

- ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കൽ
- ഒഴിവുസമയങ്ങളിൽ പുസ്തകം വായിക്കുന്നു.
- ഒരു മിനിറ്റ് വായന നടത്തുന്നു.
- പത്രവായനയും ക്വിസ്സും നടത്തുന്നു.
- എല്ലാദിവസവും ചോദ്യോത്തര കേളികൾ നടത്തുന്നു
- കുട്ടി ടീച്ചർ പ്രവർത്തനങ്ങൾ
- രചന പരിചയക്കുറപ്പ് തയ്യാറാക്കൽ അവതരണ ം.

## 8)തനത് പ്രവർത്തനം

- മണൽ എഴുത്ത് (1,2 ക്ലാസുകൾക്ക് )
- ഒരു മിനിറ്റ് വായന

## 9)English language Learning

- English assembly
- Conversation practice
- Vocabulary building activities

- Grammer class work
- English news reading
- Thought of the day
- Dictionary making
- Parents involvement in language activities

## 10) കമ്പ്യൂട്ടർ പഠനം

- പഠന വിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ഓരോ കുട്ടിക്കും കമ്പ്യൂട്ടർ സംബന്ധമായ അടിസ്ഥാനപരമായ കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നു.

## 11) ഗണിതം

- ഗണിതം വ്യവഹാര രൂപത്തിൽ
- ജോമട്രിക്കൽ ചാർട്ടുകൾ ഗണിത മാസികകൾ എന്നിവയുടെ നിർമ്മാണം
- ഗണിതപസിലുകൾ പ്രശ്നോത്തരി എന്നിവ
- തുടർ പ്രവർത്തനങ്ങൾ

## 12)നിരന്തര വിലയിരുത്തൽ

- ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി സിപിഎം വിളിച്ചുകൂട്ടി പഠനനില പഠന പുരോഗതി എന്നിവ രക്ഷകർത്താവിനെ അറിയിക്കുന്നു
- അനുരൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നു
- വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു

## 13)ആരോഗ്യ സംരക്ഷണം ശുചിത്വം പോഷകസമൃദ്ധമായ ഉച്ചഭക്ഷണം

- പോഷൻ അഭിയാൻ ദിനാചരണം
- വിദഗ്ധരെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ
- ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ
- ജൈവകൃഷി പ്രോത്സാഹനം
- ഭക്ഷണശീലം ആരോഗ്യ ശീലം എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രദർശനം
- ഓരോ ദിവസത്തെയും ഭക്ഷ്യ വിഭവങ്ങളുടെ ലിസ്റ്റ് പ്രദർശനം
- ഉച്ചഭക്ഷണ കമ്മറ്റി യോഗം ചേരൽ
- ഉച്ചഭക്ഷണ മോണിറ്ററിങ്ങ്
- ശുചിത്വ പ്രവർത്തനം
- ആഘോഷങ്ങൾ ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക വിഭവങ്ങൾ.

## 14) ക്ലാസ് പി.ടി.എ

- ഓരോ മാസവും ക്ലാസ് പിറ്റേ വിളിച്ചു കൂട്ടുകയും കുട്ടികളുടെ പഠനം നില, പഠന പുരോഗതി എന്നിവ അറിയിക്കുകയും ചെയ്യുന്നു
- ഓരോ ടീമിലും പരീക്ഷ പേപ്പറുകൾ രക്ഷകർത്താക്കൾക്ക് കാണിക്കുവാനും വിലയിക്കുവാനും അവസരം നൽകുന്നു.
- മികച്ച ഉത്പന്നങ്ങളുടെ പ്രദർശനം

- പഠന മികവുകളുടെ അവതരണം
- കോർണർ പി.ടി.എ
- ഒരു പിടി നന്മ

## 15) എസ്സ്.ആർ .ജി

- അവലോകനം
- പഠന പുരോഗതി വിലയിരുത്തൽ
- ക്ലബ് പ്രവർത്തനങ്ങളുടെ ആസൂത്രണം.
- പരിഹാര ബോധനം
- ഭവന സന്ദർശനം ചർച്ച
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ
- കലാ കായിക പ്രവർത്തിപരിചയ പദ്ധതി ആസൂത്രണം
- രചനാ പരിചയക്കുറിപ്പ്
- Hello English
- മൂല്യനിർണ്ണയം.
- ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പഠന പ്രവർത്തനങ്ങൾ
- സഹിതം പോർട്ടൽ പ്രവർത്തനങ്ങൾ
- E_ cube english പ്രവർത്തനങ്ങൾ
- സർഗ്ഗാത്മക ഡയറി
- കുട്ടി റ്റീച്ചർ പദ്ധതി
-

# അക്കാദമിക പ്ലാൻ Short Term-Malayalam

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4 .അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10 .ചിത്രം കഥ എഴുതൽ<br>11. കഥാ പുസ്തകം നൽകൽ | | |

| | | | |
|---|---|---|---|
| | 12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് .<br>. ക്ലാസ്<br>12.വായനക്കൂട്ടം രൂപീകരിക്കൽ<br>• വായന മൂല<br>• ലൈബ്രറി രൂപീകരിക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്ര വായന<br>• അമ്മ വായന<br>• വായനാക്കുറിപ്പ്<br>• രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ<br>• ദിനാചരണങ്ങൾ. | | |

| | | | |
|---|---|---|---|
| | • ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദകരമ ായ വായന<br>• വായനക്കൂട്ടം മോണിറ്ററിന്<br>1) ക്ലാസ് ലൈബ്രറി<br>2)വായനക്കുറിപ്പ് | | |

## പരിസര പഠനം

| നം | മേഖലകൾ | പ്രവർത്തന ങ്ങൾ | കാലദൈർ ഘ്യം | പിന്തുണ |
|---|---|---|---|---|
| 1) | സസ്യസംര ക്ഷണം | ഔഷധ തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്ബ് |
| 2) | കൃഷി | കൃഷിയുമായ ി ബന്ധപ്പെട്ട ഓരോ അനുഭവങ്ങ ളും പാഠഭാഗങ്ങ ളുമായി പഠന നേട്ടങ്ങളുമാ യും ബന്ധപ്പെട്ടു ത്തണം | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹിക പിന്തുണ , പി ടി എ |
| 3) | പരീക്ഷണ | ഇടവേളകളി | രണ്ടാഴ്ചയിൽ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | ങ്ങൾ | ൽ കുട്ടികൾക്ക് പരീക്ഷണങ്ങൾ ഏർപ്പെടാൻ അവസരം | ഒന്ന് | |
| 4) | പരിസ്ഥിതി മലിനീകരണ ◌ം | തന്റെ പ്രദേശത്തെ പാരിസ്ഥിതിക മലിനീകരണ ◌ം നേരിട്ട് ബോധ്യപ്പെടുത്തുന്നു | തുടർ പ്രവർത്തന o | ക്ലാസ് ടീച്ചർ |
| 5) | മാലിന്യ പുനരുപയ ◌ോഗം | പ്ലാസ്റ്റിക് വില്പനങ്ങൾ ,പാഴ് വസ്തുക്കൾ എന്നിവ പഠനോപകരണം ആകുന്നു . | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക |

# ഗണിതം

| നം | മേഖലകൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| 1) | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് പരിമിതികൾ പരിഹരിക്കൽ | ജൂൺ ജൂലൈ | ടീച്ചർ |
| 2) | ഗണിത ആശയങ്ങൾ വികസിപ്പിക്കുന്നതിന് | ഗണിത ക്ലബ്ബ് രൂപീകരണം ഗണിത മൂല ഗണിത ലാബ് ഗണിതവുമായി ബന്ധപ്പെട്ട കഥ പാട്ട് മത്സരങ്ങൾ | ജൂൺ -മാർച്ച് | ടീച്ചർ കുട്ടികൾ പിടിഎ |
| 3) | ചതുഷ്ക്രിയകൾ വികസിപ്പിക്കുന്നതിന് | കണക്കുപെട്ടി ഗണിത തെറ്റ് ഗണിതകേളികൾ | ജൂൺ - മാർച്ച് | ടീച്ചർ കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | ചോദ്യോത്ത ര പെട്ടി<br>പതിപ്പുകൾ<br>ഗണിതമേള | | |

# Subject English

| Sl.No | Programme | Activity | Duration | Support |
| --- | --- | --- | --- | --- |
| 1) | To develop basic skills | 1 To develop basic skills<br>.Pre-test<br>. Activity based to develop language<br>. Making words<br>. Making sentences<br>. Telling story<br>. English story and rhyme | June | Teachers |
| 2) | To develop reading skills | - Word games<br>- Classroom library<br>- Make reading note<br>- Making word card and sentence | June to March | Teachers PTA |

| | | | | |
|---|---|---|---|---|
| 3) | English assembly | card<br>- Reading competition<br>- Read simple poem and story<br>- Making reading materials with picture<br>- News reading<br>- Presentation of short speech action song etc<br>- Speak out things, persons, place and importance of day etc .....<br>- Conducting quiz competition<br>- Making | 2 days in one week | Teachers PTA |

| | | | | |
|---|---|---|---|---|
| 4) | Developing fluency in English | magazine and ball magazine<br>- conducting spoken English classes<br>- E-cube English | June to March | Teachers |

# അവലോകനം

അക്കാദമിക് മാസ്റ്റർ പ്ലാനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോ എന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രത്തോളം ഉണ്ടെന്നും മൂന്നുമാസത്തിലൊരിക്കൽ വിലയിരുത്തുന്നു. എസ് ആർ ജി -യിൽ ചർച്ച ചെയ്യുന്നു. ആവശ്യമായ മാറ്റങ്ങൾ എസ് ആർ ജി യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

പിടിഎ പ്രസിഡന്റ്

എച്ച് എം

എസ് ആർ ജി കൺവീനർ

# ഉപസംഹാരം

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എന്തായി തീരണം എന്നതിനെ ലക്ഷ്യം വെച്ചു കൊണ്ടുള്ള ഈ പദ്ധതി അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധ്യാപകരും പൊതുസമൂഹവും ഒന്നിച്ച് നീങ്ങണം. കാലോചിതമായ തിരുത്തലുകൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യണം. ഇവയെല്ലാം പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുവാൻ ഉതകുന്നത് ആയി തീരട്ടെ.